LIBRARY ARCHIVES Kerala Legislative Assembly

കടകംപള്ളി ഭൂമി തട്ടിപ്പ് കേസിൽ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം

121(5710) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടകംപള്ളിയിലെ ഭൂമി തട്ടിപ്പ് കേസിൽ ശ്രീ. സലീംരാജിന് സഹായകരമായി അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിരുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ വിഷയത്തിൽ ജില്ലാ കളക്ടർ നൽകിയ വസ്തുതാ വിവരണ റിപ്പോർട്ട് അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയപ്പോൾ പരിഗണിക്കുകയുണ്ടായോ ;

(സി) ഇല്ലെങ്കിൽ തെറ്റായ നിയമോപദേശം നൽകിയ അഡ്വക്കേറ്റ് ജനറലിനോട് വിശദീകരണം ആരാഞ്ഞിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) കടകംപള്ളി ഭൂമി തട്ടിപ്പ് കേസിൽ ശ്രീ. സലീം രാജിന് അനുകൂലമായി അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയിട്ടില്ല.

(ബി) അഡ്വക്കേറ്റ് ജനറൽ കേസിൽ സത്യവാങ്മൂലം നൽകിയിട്ടില്ല. ജില്ലാ കളക്ടർക്ക് വേണ്ടി അദ്ദേഹം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ വസ്തുതാവിവരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എതിർ സത്യവാങ്മൂലം നൽകിയിട്ടുണ്ട്.

(സി) മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

ഡ്രൈവർ തസ്തികയിലെ ഒഴിവുകൾ

122(5711) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസിൽ ഡ്രൈവർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേർക്ക് പോലീസ് ഡ്രൈവർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട് ;

(സി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?